# തലമുറ



ഫാത്തിമ അറഫ
എം പി

നമുക്കു മുമ്പേ നടന്നവർ,
വയലുകൾ, വനാന്തരങ്ങൾ,

പറമ്പുകൾ, പാറക്കുന്നുകൾ,

നഗ്നപാദരായ താണ്ടി,

പേമാരിയും കൊടുംചൂടും,
മരം കോച്ചും തണുപ്പും,
പ്രകൃതിയുമായി നേർക്കുനേർ!
അര മുറുക്കി, വിശപ്പമർത്തി,
മരച്ചില്ലയിൽ, ഗുഹയിൽ,
മൺതിട്ടകളിൽ!

അന്തിമയക്കം, രക്ഷാകവചം!
സാമഗ്രികളേതുമില്ലാതെ,
പ്രതിബന്ധങ്ങളകറ്റി,
നാട്ടുവഴി വെട്ടിയവർ!
ജീവിതം പതിയെ സായാഹ്നത്തിലേക്ക്
കടക്കെ,

പരക്കെ മാറ്റത്തിൻ വെട്ടമായി,
ഒട്ടനേകം പിൻമുറക്കാർക്ക്,

നാട് പണിതവർ സ്വയം ഉരുകി!
ജീവിത വസന്തം ത്യജിച്ച്

സ്വയം ബലിയർപ്പിച്ച്, മറഞ്ഞവർ!
നാമിന്ന് നെട്ടോട്ടമാണ്
തർക്കം, കുതന്ത്രം,
ഭൂമി പകുത്തെടുക്കാൻ,
പങ്കിലമാക്കാൻ.